"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം കുഴിക്കലിടവക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ ജി.എഫ്.സി. അധ്യാപികയായ ശ്രീമതി.ആർ.എസ്.രാജലക്ഷ്മി ഫയൽ ചെയ്ത **WP(C)No.4926/2009** കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച **10.10.2022**-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2293/2023/GEDN തീയതി, തിരുവനന്തപുരം, 01-04-2023

---

പരാമർശം:- 1.ശ്രീമതി.ആർ.എസ്.രാജലക്ഷ്മി ഫയൽ ചെയ്ത **WP(C)No.4926/2009**-ന്റെ **10.10.2022**-ലെ വിധിന്യായം

2 . പൊതുവിദ്യാഭ്യാസ (*വൊക്കേഷണൽ* ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറുടെ **12.1.2023**-ലെ **E3/4936/2022** നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കുഴിക്കലിടവക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ ജി.എഫ്.സി. അധ്യാപികയായ ശ്രീമതി.ആർ.എസ്.രാജലക്ഷ്മി ഫയൽ ചെയ്ത **WP(C)No.4926/2009**-ന്റെ **10.10.2022**-ലെ വിധിന്യായപ്രകാരം ജി.എഫ്.സി അധ്യാപകർക്ക് സ്കെയിൽ ഓഫ് പേ നല്കുന്ന വിഷയം നിലവിൽ പരിഗണിക്കാനാവില്ല എന്നറിയിച്ചു കൊണ്ട് ഹർജിക്കാരിയുടെ ആവശ്യം നിരസിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ **17.11.2008**-ലെ **ഇ3/23162/08** നമ്പർ കത്ത് **(Ext P11)** അസ്ഥിരപ്പെടുത്തുകയും, എക്സിബിറ്റ് പി **1 2** വിധിന്യായത്തിന്റെയും എക്സിബിറ്റ് പി **15** ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് ശമ്പള സ്കെയിൽ അനുവദിക്കണമെന്ന ആവശ്യം പുനഃപരിശോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ **05.11.2001** മുതൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുവാനും എതിർകക്ഷികൾക്ക് കോടതി നിർദ്ദേശം നൽകുകയുണ്ടായി.

2) ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു .

" കേരളത്തിലെ വിവിധ ജില്ലകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ എയ്ഡഡ് മേഖലയിൽ കൂടി അനുവദിച്ചപ്പോൾ ഗവ.മേഖലയിലുള്ള സ്പെഷ്യൽ റൂൾസ്, എയ്ഡഡിലേയ്ക്കും ബാധകമാക്കുകയും, ഒരാഴ്ച 6 മണിക്കൂറിൽ താഴെ ജോലിചെയ്യുന്ന അദ്ധ്യാപകരെ 9150-15510 എന്ന സ്കെയിൽ ഓഫ് പേയുടെ പരിധിയിൽ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറുടെ 9/8/2007-ലെ ഇ3/13099/07 നമ്പർ നടപടിക്രമ പ്രകാരം ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന്, അപ്രകാരം സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുകയുണ്ടായി. എന്നാൽ ഈ നടപടി സർക്കാരിന് സാമ്പത്തിക ബാധ്യത ഉളവാക്കുന്നതാണെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത ആനുകൂല്യം 30.09.2008-ലെ ഉത്തരവ് പ്രകാരം റദ്ദാക്കി. ഇതിനെതിരെ 6 മണിക്കൂറിൽ കുറവ് ജോലി ഭാരമുള്ള GFC അദ്ധ്യാപകർ സർക്കാരിനെ സമീപിച്ചപ്പോൾ 29.05.2013-ലെ സ.ഉ.(എം.എസ്)നം. 176/2013/പൊ.വി.വ-നോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന Appendix A-യിൽ ചേർ ക്കപ്പെട്ട 2 7 നോൺവൊക്കേഷണൽ ജൂനിയർ ( G F C ) അദ്ധ്യാപകർക്ക്, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലും, അതിൽ പലരും പി.എസ്.സി മുഖേനയുള്ള ജോലിക്കായുള്ള പ്രായപരിധി കഴിഞ്ഞിട്ടുള്ളവരായതിനാലും മാനുഷികപരിഗണനയുടെ അടിസ്ഥാനത്തിലും ടി ഉത്തരവ് തീയതി മുതൽ സ്കെയിൽ ഓഫ് പേ നൽകുവാൻ ഉത്തരവായി.

എന്നാൽ 29.05.2013-ന് മുമ്പ് ആനുകുല്യങ്ങൾ നിഷേധിച്ചത് തെറ്റാണെന്നും അത് 9/8/2007 പ്രാബല്യത്തിൽ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ഇവർ WP(C) 8000/2015 കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ബഹു.ഹൈക്കോടതി ഇപ്രകാരം വിധി പ്രസ്താവിക്കുകയുണ്ടായി.

**‘ that part of Ext P6 Government Order limiting the benefits prospectively from the date of the said order is arbitrary and illegal. Accordingly, it is directed that the petitioners shall be paid in the scale of pay as is ordered in Ext P3 dated 9.8.2007 from that onwards. Therefore, there will be a direction to the Government to take appropriate steps to do the necessary to pay all attendant benefits to the petitioners on and with effect from 9.8.2007 at the earliest at any rate, within 3 months from the date of receipt of a copy of this judgement.’**

ടി വിധിന്യായം സർക്കാരിന് വൻ സാമ്പത്തിക ബാധ്യത വരുത്തുമെന്നുള്ളതിനാൽ, ടി വിധിന്യായത്തിനെതിരെ WA No. 971 /2020 അപ്പീൽ

ഫയൽ ചെയ്തുവെങ്കിലും, **06.10.2020** തീയതിയിലെ വിധിന്യായത്തിൽ ബഹു. ഡിവിഷൻ ബഞ്ച് ഇപ്രകാരം വിധിച്ചു.

**‘the benefit granted by the judgement of the Learned Single Judge will be restricted to those 27 teachers mentioned in Ext P6 who are in service and continuing as on the date of Ext P6 and to no other’.**

ടി വിധിന്യായത്തിനെതിരെ സർക്കാർ **RP No. 929/2020** ഫയൽ ചെയ്യുകയും **21.12.2020**-ലെ വിധിന്യായത്തിൽ സിംഗിൾ ബെഞ്ചിന്റെ വിധിന്യായം ശരിവയ്ക്കുകയും അത് പുന.പരിശോധിക്കേണ്ടതില്ല എന്ന് ഉത്തരവാകുകയും ചെയ്തു. ടി സാഹചര്യത്തിൽ സർക്കാർ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്ത **SLP(C) No.9014-905/2021**-ന്റെ **16.07.2021** തീയതിയിലെ വിധിന്യായം പ്രകാരം **RP No.929/2020**-ന്റെ **21.12.2020**-ലെ വിധിന്യായവും, **WA No. 971 /2020**-ന്റെ **06.10.2020**-ലെ വിധിന്യായത്തിലും ഇടപെടേണ്ടതില്ലായെന്ന നിരീക്ഷണത്തോടെ **SLP** തള്ളിക്കളയുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, റിട്ട് ഹർജി നം.**8000/2015**-ന്റെ **27.11.2019** തീയതിയിലെ വിധിന്യായത്തിനെതിരെയുള്ള അപ്പീൽ, റിവ്യൂ സാദ്ധ്യതകൾ എല്ലാം തന്നെ ഉപയോഗപ്പെടുത്തി കഴിഞ്ഞിരിക്കുന്നതിനാലും **27.11.2019**-ലെ വിധിന്യായം അന്തിമമായി ശരിവെക്കപ്പെട്ടിട്ടുള്ളതിനാലും ബഹു.സുപ്രീം കോടതി ഉത്തരവോടെ അത് സ്ഥിരപ്പെട്ടതിനാലും, **27.11.2019**-ലെ വിധിന്യായത്തിലും **WA No. 971/2020**-ന്റെ **06.10.2020**-ലെ വിധിന്യായത്തിലുമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ **29.05.2013**-ലെ സ.ഉ.(കൈ)നം.**176/2013**/പൊ.വി.വ- ന്റെ **Appendix A**-യിൽ ഉൾപ്പെടുന്നവരായ **WP(C).8000/2015**-ലുള്ള ഹർജിക്കാർക്ക്, മറ്റുള്ളവർക്കാർക്കും ബാധകമല്ലെന്ന വ്യവസ്ഥയിൽ **09.08.2007** മുതൽ ഉള്ള സ്കെയിൽ ഓഫ് പേ ആനുകൂല്യങ്ങൾ കണക്കാക്കി, അനുവദിക്കുന്നതിന് **20/11/2021**-ലെ സ.ഉ.(കൈ) നം.**260/2021**/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പരാതിക്കാരിയായ ശ്രീമതി.രാജലക്ഷ്മി **5.11.2001** മുതൽ സഞ്ചിതവേതനത്തിൽ കുഴിക്കലിടവക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ **(GFC)** ആയി നിയമിതയായിട്ടുള്ളതും **29.02.2016** വരെ അതേ വ്യവസ്ഥയിൽ തുടർന്നുപോന്നിട്ടുള്ളതുമാണ്. **29.05.2013**-ലെ സ.ഉ.(കൈ)നം.**176/2013**/പൊ.വി.വ- ന്റെ **Appendix A**-യിൽപെടുന്ന യോഗ്യരായ **27** അദ്ധ്യാപകർക്കാണ്, **WP(C) 8000/2015(Y)**-ലെ ഉത്തരവ് പ്രകാരം ശമ്പളസ്കെയിൽ അനുവദിച്ചിട്ടുള്ളത്. ശ്രീമതി.രാജലക്ഷ്മി ആർ.എസ്. **Appendix A**-യിൽ

ഉൾപ്പെട്ടിട്ടില്ല. Appendix A-യിലെ 2 7 പേർക്കു മാത്രമായി സ്കെയിൽ ഓഫ് പേ അനുവദിച്ചിട്ടുള്ളതിനാൽ ശ്രീമതി.രാജലക്ഷ്മി ആർ.എസ്.ന് ടി ആനുകൂല്യത്തിന് അർഹതതയില്ലാത്തതുമാണ്.

മറ്റുള്ളവർക്ക് ബാധകമല്ല എന്ന വ്യവസ്ഥയിലാണ് Appendix A-യിലെ 27 പേർക്ക് മാത്രമായി ശമ്പളസ്കെയിൽ അനുവദിച്ചിട്ടുള്ളത് എന്നതിനാലും ശ്രീമതി രാജലക്ഷ്മി ആർ.എസ്. Appendix A-യിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, ടിയാൾക്ക് ശമ്പളസ്കെയിൽ ലഭിക്കുന്നതിന് അർഹതയില്ലാത്തതാണ്. അതിനാൽ ശ്രീമതി.രാജലക്ഷ്മി ആർ.എസ് ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)4926/2009 കേസിന്റെ 10/10/2022-ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അടിയന്ത രനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു".

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു . എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ consolidated pay-യിൽ തുടർന്ന് വന്നിരുന്ന ജനറൽ ഫൗണ്ടേഷൻ വിഷയത്തിലെ അധ്യാപകർക്ക് നോൺ വൊക്കേഷണൽ (ജൂനിയർ) അധ്യാപകരുടെ ശമ്പളസ്കെയിൽ അനുവദിച്ച് 29.05.2013-ലെ സ.ഉ.(എം.എസ്)നം.176/2013/പൊവിവ പ്രകാരം ഉത്തരവായിരുന്നു. സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യത നേടിയ അധ്യാപകരെ ഉത്തരവിന്റെ Appendix A-യിൽ ഉൾപ്പെടുത്തുകയും ശമ്പളസ്കെയിൽ prospective effect-ൽ അനുവദിക്കുകയും ചെയ്തു. കൂടാതെ, നിർദിഷ്ട യോഗ്യത നേടാത്ത അധ്യാപകരെ Appendix B-യിൽ ഉൾപ്പെടുത്തി consolidated pay-യിൽ തന്നെ തുടരുന്നതിന് അനുമതി നൽകുകയും, ടി അധ്യാപകർ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യത നേടുന്ന മുറയ്ക്ക് ശമ്പളസ്കെയിൽ അനുവദിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത ശമ്പളസ്കെയിൽ മുൻകാല പ്രാബല്യത്തിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനറൽ ഫൗണ്ടേഷൻ കോഴ്സ് അധ്യാപകരായ ശ്രീമതി.ബെസ്സി മാത്യുവും മറ്റ് 2 0 പേരും ചേർന്ന് ഫയൽ ചെയ്ത WP(C)No.8000/2015-ന്റെ 27.11.2019-ലെ വിധിന്യായത്തിൽ ഹർജിക്കാരുടെ ആവശ്യം ബഹു.കോടതി അംഗീകരിക്കുകയും അതിൻ പ്രകാരം ശമ്പളസ്കെയിലും ആനുകൂല്യങ്ങളും 09.08.2007 മുതൽ അനുവദിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായമാണ് WP(C)No.4926/2009-ന്റെ എക്സിബിറ്റ് പി 12. ഇതിനെതിരെ സർക്കാർ റിട്ട് അപ്പീൽ, റിവ്യൂ പെറ്റീഷൻ, എസ്.എൽ.പി. എന്നിവ ഫയൽ ചെയ്തെങ്കിലും 27.11.2019-ലെ വിധിന്യായം ശരിവയ്ക്കപ്പെടുകയാണുണ്ടായത്. തുടർന്ന്, Appendix A-യിൽ ഉൾപ്പെട്ടിരുന്ന അധ്യാപകരിൽ 21 പേർ ചേർന്ന് ഫയൽ ചെയ്ത WP© No.8000/2015-ന്റെ 27.11.2019-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചതിൻ

പ്രകാരം കോടതി അലക്ഷ്യം ഒഴിവാക്കുന്നതിന്റെ ഭാഗമായി **29.05.2013**-ലെ ഉത്തരവിലെ **Appendix A**-യിൽ ഉൾപ്പെടുന്നവരായ **WP(C)No.8000/2015**-ന്റെ ഹർജിക്കാർക്ക്, മറ്റുള്ളവർക്കാർക്കും ബാധകമല്ല എന്ന വ്യവസ്ഥയിൽ, **09.08.2007** മുതലുള്ള സ്കെയിൽ ഓഫ് പേയിലുള്ള ആനുകൂല്യം അനുവദിച്ചു കൊണ്ട് **20.11.2021**-ലെ സ.ഉ.(കൈ)**നം.260/2021**/പൊവിവ പുറപ്പെടുവിക്കുകയുണ്ടായി .

**4)**വിശേഷാൽ ചട്ടം പ്രകാരം യോഗ്യതയില്ലാത്ത ശ്രീമതി.ആർ.എസ്.രാജലക്ഷ്മി ഉൾപ്പെടെയുള്ള പതിനൊന്ന് അധ്യാപകർക്ക്, മൂന്നു വർഷത്തിനുള്ളിൽ യോഗ്യത കൈവരിക്കണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ശമ്പളസ്കെയിൽ അനുവദിച്ച് **01.03.2016**-ലെ സ.ഉ(എം.എസ്)നം.**53/2016**/പൊവിവ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീമതി.രാജലക്ഷ്മി ആർ.എസ്, സ്പെഷ്യൽ റൂൾസ് പ്രകാരം ജി.എഫ്.സി അധ്യാപകർക്ക് വേണ്ട നിർദിഷ്ട യോഗ്യതകളിൽ ഒന്നായ ബി.എഡ് യോഗ്യത നേടാത്തതിനാൽ ടിയാരി **1 9** വർഷമായി ജി.എഫ്.സി അധ്യാപികയായി ജോലി ചെയ്തു വരുന്നു എന്നതിനാലും, **31.05.2020**-ൽ വിരമിക്കുന്നു എന്നതിനാലും, ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി.ആർ.എസ്.രാജലക്ഷ്മിയെ വി.എച്ച്.എസ്.ഇ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യതയായ ബിഎഡ് കൈവരിക്കുന്നത് ഒഴിവാക്കി **24.04.2020**-ലെ സ.ഉ.(സാധാ)നം.**1483/2020**/പൊവിവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവാണ് **WP(C)No.4926/2009**-ലെ എക്സിബിറ്റ് പി**15.**

**5)** കൊല്ലം കുഴിക്കലിടവക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ജി.എഫ്.സി. അധ്യാപികയായ ശ്രീമതി.ആർ.എസ്.രാജലക്ഷ്മി **5.11.2001** മുതൽ നോൺ വൊക്കേഷണൽ (ജൂനിയർ) അധ്യാപകരുടെ ശമ്പള സ്കെയിൽ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് **WP© No.4926/2009** ആയി കോടതിയെ സമീപിക്കുകയും, **10.10.2022**-ലെ വിധിന്യായ പ്രകാരം എക്സിബിറ്റ് പി **12** വിധിന്യായത്തിന്റെയും എക്സിബിറ്റ് പി **15** ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് ശമ്പള സ്കെയിൽ അനുവദിക്കണമെന്ന ആവശ്യം പുനഃപരിശോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാനും, അതിന്റെ അടിസ്ഥാനത്തിൽ **0 5 . 1 1 . 2 0 0 1** മുതൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുവാനും എതിർകക്ഷികൾക്ക് കോടതി നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ, എക്സിബിറ്റ് പി **12** വിധിന്യായം സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തുന്നതിനാൽ ഇതിനെതിരെ സർക്കാർ **WA No. 971/2020** ആയി റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു . പ്രസ്തുത കേസിലെ **06.10.2020**-ലെ വിധിന്യായത്തിൽ ബഹു. ഡിവിഷൻ ബഞ്ച് ഇപ്രകാരം വ്യക്തമാക്കിയിരുന്നു .

**‘ We make it clear that the benefit granted by the judgement of theLearned Single Judge will be restricted to those 27 teachers mentioned in Ext P6 who are in service and continuing as on the date of Ext P6 and to no other’.**

**6.** ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് സർക്കാർ **29.05.2013**-ലെ സ.ഉ.(എം.എസ്)നം.**176/2013**/പൊവിവ-ന്റെ **Appendix A**-യിൽ ഉൾപ്പെട്ട യോഗ്യരായ അധ്യാപകരിൽ **WP(C)No.8000/2015**-ലെ ഹർജിക്കാർക്ക് മാത്രമായി ; മറ്റുള്ളവർക്കാർക്കും ബാധകമല്ല എന്ന വ്യവസ്ഥയിൽ, **09.08.2007** മുതലുള്ള സ്കെയിൽ ഓഫ് പേയിലുള്ള ആനുകൂല്യം അനുവദിച്ചു കൊണ്ട് **20.11.2021**-ലെ സ.ഉ.(കൈ) **260/2021**/പൊവിവ പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീമതി ആർ.എസ്. രാജലക്ഷ്മിക്ക് നിർദ്ദിഷ്ട യോഗ്യത ഇല്ലാത്തതിനാൽ പ്രസ്തുത ഉത്തരവിലെ **Appendix A**-യിൽ ഉൾപ്പെട്ടിരുന്നില്ല. മാത്രമല്ല, **01.03.2016**-ലെ സ.ഉ.(എം.എസ്)നം.**53/2016**/പൊവിവ, **24.04.2020**-ലെ സ.ഉ(സാധാ)നം.**1483/2020**/പൊവിവ എന്നിവയുടെ അടിസ്ഥാനത്തിൽ ലഭിച്ച ഇളവുകളുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിൽ ലഭിച്ച അധ്യാപികയാണ് ശ്രീമതി.ആർ.എസ്.രാജലക്ഷ്മി. **WP(C)No.8000/2015**-ലെ ഹർജിക്കാർക്ക് കോടതി നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ശമ്പളസ്കെയിൽ അനുവദിച്ചത് **09.08.2007** മുതൽ മാത്രമാണ് എന്നതിനാൽ വിശേഷാൽ ചട്ടം അനുശാസിക്കുന്ന യോഗ്യത കരസ്ഥമാക്കാതെ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച ഇളവുകളുടെ ആനുകൂല്യത്തിൽ തുടർന്ന ശ്രീമതി.രാജലക്ഷ്മിക്ക് ശമ്പള സ്കെയിൽ **05.11.2001** മുതൽ അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല.

**7)** ഈ സാഹചര്യത്തിൽ **5.11.2001** മുതൽ ശമ്പളസ്കെയിൽ അനുവദിക്കണമെന്ന ശ്രീമതി.ആർ.എസ്.രാജലക്ഷ്മിയുടെ ആവശ്യം, നിരസിച്ചു കൊണ്ട് പരാമർശം **(1)**-ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം

അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം, റീജിയണൽ ഓഫീസ , എറണാകുളം

ശ്രീമതി.ആർ.എസ്.രാജലക്ഷ്മി, ജി.എഫ്.സി. അധ്യാപിക, കുഴിക്കലിടവക വി.എച്ച്.എസ്.എസ്., കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 01-04-2023 16:12:09

സെക്ഷൻ ഓഫീസർ